ഹദീസ്

മൂസ ഉമരി, പാലക്കാട്
k.moosa.km@gmail.com

# മനുഷ്യബന്ധങ്ങളുടെ മഹത്വം

عَنْ عَبْدِ اللَّهِ بْنِ عَمْرٍو، قَالَ جَاءَ رَجُلٌ إِلَى النَّبِيِّ صلى الله عليه وسلم يَسْتَأْذِنُهُ فِي الْجِهَادِ فَقَالَ " أَحَيٌّ وَالِدَاكَ " . قَالَ نَعَمْ . قَالَ " فَفِيهِمَا فَجَاهِدْ " (صحيح مسلم).

**അബ്ദുല്ലാഹിബ്നു അംറിൽനിന്ന്. ഒരാൾ റസൂൽ തിരുമേനി(സ)യുടെ സന്നിധിയിൽ, അല്ലാഹുവിന്റെ മാർഗത്തിൽ ധർമസമരം ചെയ്യാൻ അനുവാദം തേടി വന്നു. റസൂൽ(സ) അദ്ദേഹത്തോട് ചോദിച്ചു: 'താങ്കളുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടോ?' അദ്ദേഹം ഉണ്ടെന്ന് മറുപടി പറഞ്ഞു. എങ്കിൽ അവരിൽ താങ്കൾ ധർമസമരം നടത്തിക്കൊള്ളുക' (സ്വഹീഹ് മുസ്‌ലിം, നം. 2549).**

മനുഷ്യബന്ധങ്ങളുടെ മഹത്വത്തിനും പവിത്രതക്കും ഏറെ ഉലച്ചിൽ തട്ടിയ കാലത്താണ് നാം ജീവിക്കുന്നത്. നാട്ടിൽ വൃദ്ധസദനങ്ങൾ കൂടിവരുന്നു. അവിടങ്ങളിലെ അന്തേവാസികളുടെ എണ്ണവും വർധിക്കുന്നു. ജീവിതത്തിന്റെ വസന്തകാലത്ത് ഉന്നതസ്ഥാനങ്ങളിൽ വിരാജിച്ചിരുന്നവർ, ഇന്ന് കൂട്ടിലടച്ച കിളികളെപ്പോലെ, തങ്ങൾ ആർക്കുവേണ്ടി ജീവിച്ചുവോ അവരെ ഒരു നോക്ക് കാണാൻ പോലുമാകാതെ തീർത്തും അപരിചിതമായ ലോകത്ത് തങ്ങളുടെ അന്ത്യനാളുകൾ തള്ളിനീക്കുന്നു. അതിലേറെ ഭീകരമാണ് സ്വന്തം മക്കൾ തന്നെ വൃദ്ധരായ മാതാപിതാക്കളെ മാനസികരോഗികളെന്ന് മുദ്രചാർത്തി ഭ്രാന്താശുപത്രികളിലും തീർഥാടന കേന്ദ്രങ്ങളിലും കൊണ്ടു തള്ളുന്ന സംഭവങ്ങൾ. ഉറ്റവരെയും ഉടയവരെയും ഏറ്റവും അടുത്ത ബന്ധുക്കൾ തന്നെ കൊലപ്പെടുത്തുന്ന വാർത്തകളും നാം കേൾക്കുന്നു.

ഈ കെട്ടകാലത്തു നിന്നുകൊണ്ടാണ് ഇസ്‌ലാം മാനുഷികബന്ധങ്ങളെ എത്ര മഹത്തരമായി കാണുന്നു എന്ന് നാം മനസ്സിലാക്കുന്നത്. മനുഷ്യർക്ക് ഭൂമിയിൽ നിർവഹിക്കാനുള്ള രണ്ടാമത്തെ മഹത്തരമായ ദൗത്യമാണ് സ്വമാതാപിതാക്കളെ സംരക്ഷിക്കുക എന്നത്. ഇത് ഖുർആൻ തന്നെ അർഥശങ്കക്കിടയില്ലാത്തവിധം വിളംബരപ്പെടുത്തിയതാണ്.

മനുഷ്യന്റെ ഒന്നാം ധർമം ദൈവേഛകൊണ്ട് ജീവിക്കുക എന്നതാണെങ്കിൽ, രണ്ടാമത്തെ ധർമം തന്റെ മാതാപിതാക്കളോട് നന്മയിൽ വർത്തിക്കുക എന്നതാണ്. ഈ ഹദീസിലെ പ്രതിപാദ്യവിഷയവും അതുതന്നെ. വിശ്വാസിയെ സംബന്ധിച്ചേടത്തോളം തന്റെ ഒഴിച്ചുകൂടാനാകാത്ത ചുമതലയാണ് ആദർശ മാർഗത്തിലെ ജീവിത സമർപ്പണം. അതിന് അനുവാദം തേടി ആദർശധീരനായ സ്വഹാബിവര്യൻ തിരുനബി(സ)യുടെ മുന്നിലെത്തുകയാണ്. താങ്കളുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടോ എന്ന് തിരക്കുന്നു നബി. ഉണ്ടെന്ന് മറുപടി കേട്ട മാത്രയിൽ അവരിലാണ് താങ്കളുടെ ജിഹാദ് എന്ന് മൊഴിയുന്നു.

മാതാപിതാക്കളിൽനിന്ന് നാം അനുഭവിച്ച സ്നേഹത്തിനും കരുണക്കും ഔദാര്യത്തിനും നാം തിരിച്ച് എന്തൊക്കെ സേവനം ചെയ്താലും എത്രയൊക്കെ ആദരവ് നൽകിയാലും അതൊന്നും നമുക്ക് ലഭിച്ചതിന് പകരമാവുകയില്ല. അതുകൊണ്ടാണ് അവർക്കു വേണ്ടി ജീവിതാന്ത്യം വരെ പ്രാർഥിച്ചുകൊണ്ടിരിക്കണമെന്ന് കൽപിച്ചത്. സമാനാശയമുള്ള വേറെയും നബിവചനങ്ങൾ ധാരാളം കാണാം.

അബൂഹുറയ്റയിൽനിന്ന്: ഒരാൾ നബി(സ)യോട് ചോദിച്ചു: 'പ്രവാചകരേ, എന്റെ സ്നേഹ സഹവാസത്തിന് ആരാണ് കൂടുതൽ അർഹരായിട്ടുള്ളത്?' നബി പറഞ്ഞു: 'നിന്റെ മാതാവ്.' അത് മൂന്ന് വട്ടം നബി ആവർത്തിച്ചു. നാലാം തവണ ചോദിച്ചപ്പോഴാണ് 'നിന്റെ പിതാവ്' എന്നു പറഞ്ഞത്.

മാതാപിതാക്കളും ബന്ധുക്കളും ആദർശമാർഗത്തിലല്ലെങ്കിൽ പോലും അവരോടുള്ള പെരുമാറ്റം അതീവ ഹൃദ്യവും അങ്ങേയറ്റം നന്മ നിറഞ്ഞതുമാവണം. ഇത് ഖുർആനിന്റെ ശാസനയാണ്. ഒരിക്കൽ റസൂൽ നഷ്ടക്കാരൻ ആരാണെന്ന് അനുയായികൾക്ക് പറഞ്ഞുകൊടുക്കുകയുണ്ടായി; മാതാവോ പിതാവോ അല്ലെങ്കിൽ രണ്ടുപേരും ഒരുമിച്ചോ അവരുടെ വാർധക്യത്തിൽ തന്നോടൊപ്പം ജീവിച്ചിരുന്നിട്ടും അവർക്ക് വേണ്ട സേവനങ്ങളൊന്നും ചെയ്യാതെ സ്വർഗപ്രവേശം സ്വയം വിലക്കിയ വ്യക്തി.

ഇന്ന് ആഗോളവൽകൃത ലോകമാണ്. ജോലിയാവശ്യാർഥം പലരും കുടുംബസമേതം ഇതര ദേശങ്ങളിലാണ് ജീവിക്കുന്നത്. സംരക്ഷിക്കാനോ പരിചരിക്കാനോ ആളില്ലെങ്കിൽ അവർ മാതാപിതാക്കളെ ഒപ്പം കൂട്ടണം. അതവരുടെ ഖുർആനികമായ ബാധ്യതയാണ്. പലതരം ഒഴികഴിവുകൾ നിരത്തി അക്കാര്യത്തിൽ അലംഭാവം കാട്ടുകയാണ് പലരും. ഇത് ഖുർആന്റെയും സുന്നത്തിന്റെയും അധ്യാപനങ്ങൾക്ക് കടകവിരുദ്ധമാണെന്ന് അത്തരക്കാർ മനസ്സിലാക്കണം. ●